• ഡോ. കൂട്ടിൽ മുഹമ്മദലി

# തിന്മ തിമർത്താടുമ്പോൾ നേതാക്കളേ, നിങ്ങൾ എന്തെടുക്കുകയാണ്?

**ഉസ്താദുമാരേ, വിനയപൂർവം പറയട്ടെ, ഇത് നിങ്ങളുടെ പരാജയമാണ്. നിങ്ങളുടെ ശിഷ്യൻ മദ്യപാനിയായിരിക്കുന്നു; വ്യഭിചാരിയായിരിക്കുന്നു; ചൂതാട്ടക്കാരനായിരിക്കുന്നു; ചതിയനും ചൂഷകനുമായിരിക്കുന്നു. ഈ ചെകുത്താൻ നിങ്ങളുടെ സൃഷ്ടിയാണ്. അവൻ ചെയ്യുന്ന പാപത്തിൽ നിങ്ങൾക്കൊരു ഓഹരിയുണ്ട്. പുണ്യം ചെയ്ത് പേരെടുക്കുന്ന അരുമശിഷ്യന്മാരുടെ ഗുരുത്വം അഭിമാനപൂർവം അവകാശപ്പെടാറില്ലേ നിങ്ങൾ? എന്തുകൊണ്ട്, മുടിയന്മാരായ ഈ അസുരവിത്തുകളെക്കുറിച്ച് നിങ്ങൾ മൗനികളാകുന്നു?**

**നേതാവായിരിക്കുക** എന്നത് സുഖമുള്ള ജോലിയല്ല; ഭാരം കൊണ്ട് മുതുക് വളയുകയും വിനയം കൊണ്ട് ശിരസ്സ് കുനിഞ്ഞുപോവുകയും ചെയ്യുന്ന അസാധാരണ അനുഷ്ഠാനമാണത്. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയേണ്ടവനും എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടവനുമാണ് നേതാവ്. നമ്മുടെ നാട്ടിൽ ഇത് നേരെ തിരിച്ചാണ്- ഒരു ചോദ്യത്തിനും ഉത്തരം പറയാത്തവനും തുരുതുരാ പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നവനുമാണ് ഇവിടെ നേതാവ്. ഏറെ സുഖമുള്ളതും മത്സരിച്ച് ജയിച്ചടക്കേണ്ടതുമായ ഒരു പദവിയായിത്തീർന്നിരിക്കുന്നു നേതൃത്വം. മത, രാഷ്ട്രീയ, സാംസ്കാരിക മേഖലകളെല്ലാം ഇക്കാര്യത്തിൽ ഒരുപോലെ.

എന്നാൽ, ഉമറുബ്നുൽ ഖത്ത്വാബിനെപ്പോലെ, മഹാത്മാഗാന്ധിയെപ്പോലെ, നേതൃപദവി ഉറക്കം കെടുത്തുന്ന ഉത്തരവാദിത്വമായി കൊണ്ടു നടന്ന നേതാക്കളും ലോകത്തുണ്ടായിരുന്നു; കുറച്ചുപേർ ഇക്കാലത്തുമുണ്ട്. അവരോടാണ് ചോദിക്കുന്നത്, നാട് കത്തുമ്പോൾ നിങ്ങളെന്തുകൊണ്ട് നിശ്ശബ്ദരായിരിക്കുന്നു? മദ്യം, മയക്കുമരുന്ന്, ചൂതാട്ടം, വ്യഭിചാരം, ചതി, കൊള്ള, കൊല തുടങ്ങി അസംഖ്യം പൈശാചിക വൃത്തികൾ പത്തിവിടർത്തിയാടുന്നു. പത്രങ്ങൾ വായിച്ചിട്ട്, ടെലിവിഷൻ കണ്ടിട്ട് നിങ്ങൾക്കെങ്ങനെ സുഖമായുറങ്ങാൻ കഴിയുന്നു?

യൗവനം മദ്യത്തിൽ മുങ്ങിച്ചാവുകയാണ്; മയക്കുമരുന്നിൽ എരിഞ്ഞുതീരുകയാണ്. പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും ചാരിത്ര്യം മലിനപ്പെടുകയാണ്. സമ്പത്ത്, മാനം, ജീവൻ ഒന്നും സുരക്ഷിതമല്ല. നേരം ഇരുട്ടിയാൽ അങ്ങാടികളുടെ ഭരണം തെമ്മാടിക്കൂട്ടങ്ങൾ ഏറ്റെടുക്കുന്നു. അവരുടെ തേർവാഴ്ചയിൽ എല്ലാ മൂല്യങ്ങളും പിടഞ്ഞുമരിക്കുന്നു. പിശാചുക്കൾ വാഴുന്ന ഈ ലോകത്ത് മാലാഖമാരായി ജീവിക്കാൻ കഴിയുമെന്ന്; നിങ്ങളുടെ മക്കൾ, സഹോദരിമാർ, നിങ്ങൾ തന്നെയും ഈ അപകടങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ടവരാണെന്ന് കരുതുന്നുണ്ടോ? ഇല്ല, ഒരാളും ഒഴിവാക്കപ്പെടുകയില്ല. താമസിയാതെ പിശാച് നിങ്ങളുടെ കതകിൽ മുട്ടും. ഇന്നലെ അവൻ, ഇന്ന് ഇവൾ, നാളെ നിങ്ങൾ- ആരും സുരക്ഷിതരല്ല ഈ പാതാളത്തിൽ.

ഏതു സമയത്തും കടിക്കാൻ പാകത്തിൽ കാലിന്നടിയിൽ മൂർഖൻ പാമ്പുകൾ, തലക്കുമീതെ കഴുകക്കണ്ണുകൾ, ചുറ്റും ചീറ്റപ്പുലികൾ. കോടതിയും പോലീസും നോക്കുകുത്തികൾ മാത്രം. മതവും ഭരണകൂടവും മാപ്പുസാക്ഷികളും. അനീതിയും അക്രമവുമല്ലാതെ ഈ ആസുരകാലത്ത് മറ്റെന്താണ് സംഭവിക്കുക?

ഈ ആസുരലോകം തനിയേ ഉണ്ടായതല്ല; ഉണ്ടാക്കിയതാണ്. മതസംഘടനകൾക്കും രാഷ്ട്രീയ പാർട്ടികൾക്കും കലാ-സാഹിത്യ പ്രസ്ഥാനങ്ങൾക്കും ഈ നിർമിതിയിൽ പങ്കുണ്ട്. അഛനും അമ്മക്കും ഗുരുനാഥനും ഇതിൽ പങ്കുണ്ട്. ഭരണകൂടം ഈ കലികാലത്തിന്റെ കാവലാളാണ്. മദ്യഷാപ്പുകൾ, വ്യഭിചാര

ശാലകൾ, ചൂതാട്ട കേന്ദ്രങ്ങൾ, വഞ്ചകർ, ചൂഷകർ എന്നിവക്കെല്ലാം കാവൽകിടക്കുന്ന ഭരണകൂടമാകട്ടെ ജനങ്ങൾ ചെയ്ത പാപത്തിന്റെ ഫലവും.

കുടിക്കരുത്, മോഷ്ടിക്കരുത്, വ്യഭിചരിക്കരുത് എന്ന് ഉപദേശിക്കാൻ ഇവിടെ ആളില്ലാതില്ല. മദ്യചഷകം ചുണ്ടിനു താഴെ പിടിച്ച് 'കുടിക്കരുത്' എന്നു പറഞ്ഞാൽ 'എന്താ നീ കുടിക്കാത്തേ' എന്നാണർഥം. 'കാമിലാരിയുണ്ടല്ലോ' എന്ന പരസ്യം കൂടിയായാൽ കേമമായി. റേഷൻ ഷാപ്പുകളേക്കാൾ കൂടുതൽ കള്ളുഷാപ്പുകളുണ്ട് കേരളത്തിൽ. 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന ഒറ്റ വചനം കൊണ്ട് ദൈവത്തെ തൃപ്തിപ്പെടുത്തുന്നു നമ്മൾ. സീസറെ സംപ്രീതനാക്കാൻ വീര്യമുള്ള വിദേശിതന്നെ നൽകുകയും ചെയ്യുന്നു. ഈ വൈരുധ്യത്തിൽ കുഴപ്പമൊന്നുമില്ല! രണ്ടു കൂട്ടർക്കും സ്വാതന്ത്ര്യമുണ്ടല്ലോ, വേണ്ടത് വേണ്ട അളവിൽ കുടിക്കാനും കുടിക്കാതിരിക്കാനും. വചനം വേണ്ടവർ വചനം പാരായണം ചെയ്യട്ടെ; മദ്യം വേണ്ടവർ മദ്യപാനം ചെയ്യട്ടെ. വചനം പുറത്തും മദ്യം അകത്തുമായിട്ടല്ലാതെ ഒരു കുപ്പി പോലും പുറത്തിറക്കരുത്! അപാരം തന്നെ നമ്മുടെ സെക്യുലർ ബുദ്ധി!

സർക്കാർ ഓഫീസുകളിൽ 'കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും ശിക്ഷാർഹമാണ്' എന്ന ബോർഡ് തൂക്കി, 'എന്താ, ഹേ! നിങ്ങൾ ഒന്നും കൊണ്ടുവന്നിട്ടില്ലേ' എന്ന് ഓർമപ്പെടുത്താനും നമ്മൾ മറക്കുന്നില്ല. ഇത്ര പച്ചയായി ഭൂമുഖത്താരെങ്കിലും കൈക്കൂലി ചോദിച്ചു വാങ്ങിയിട്ടുണ്ടാകുമോ? പിടിച്ചു പറിക്കാരാണ് ഇവിടെ അഴിമതിക്കെതിരെ നിയമമുണ്ടാക്കുന്നത്; അഴിമതിക്കാരാണ് ആ നിയമം നടപ്പാക്കുന്നത്. നല്ല നിയമങ്ങൾ എത്രയോ നമുക്കുണ്ട്; അവയെ മറികടക്കാനുള്ള നിയമങ്ങൾ അതിനെക്കാളേറെയുണ്ട്. കുറുക്കുവഴികളും ഉപായങ്ങളും കൊണ്ട് നിയമങ്ങളെയും നീതിയെയും തോൽപിച്ച് സായൂജ്യമടയാനുള്ള നമ്മുടെ സാമർഥ്യം അസൂയാവഹമാണ്.

വൈരുധ്യങ്ങൾ ഇവിടെ തീരുന്നില്ല. മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ അമരത്ത് മദ്യരാജാക്കന്മാർ, വേശ്യാലയത്തിനകത്ത് പുരോഹിതന്മാർ, ന്യായാസനങ്ങളിൽ ജൂദാസുകൾ, അധികാരപീഠങ്ങളിൽ അഴിമതി വീരന്മാർ, അച്ഛന്റെയും അമ്മയുടെയും സ്ഥാനത്ത് പിശാചുക്കൾ! നമ്മുടെ സാമർഥ്യം സൃഷ്ടിച്ച ലോകത്തിന്റെ സവിശേഷതകൾ ഇങ്ങനെ പോകുന്നു. മുമ്പ് നാം പടിഞ്ഞാറിനെ കുറ്റപ്പെടുത്തിയിരുന്നു; ഇപ്പോൾ നാം തന്നെ പടിഞ്ഞാറായി മാറിയിരിക്കുന്നു. പടിഞ്ഞാറ് കുടുംബങ്ങൾ ശിഥിലമാകുന്നതും അച്ഛനില്ലാത്ത മക്കൾ പിറക്കുന്നതും മുത്തച്ഛനെയും മുത്തശ്ശിയെയും വൃദ്ധസദനങ്ങളിലേക്കു മാറ്റുന്നതും നമുക്ക് വാർത്തയായിരുന്നു; ഇപ്പോൾ നാം തന്നെ വാർത്തകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ജോർജ് ബുഷിന്റെയും ടോണിബ്ലെയറുടെയും മക്കൾ കുടിച്ചു കൂത്താടി തെരുവുകൾ സ്തംഭിപ്പിക്കുമ്പോൾ നമ്മുടെ നേതാക്കളുടെ മക്കൾ വെറുതെയിരിക്കുന്നില്ല. ഡിക് ചെനിയുടെ മകൾ അവളുടെ അമ്മയെക്കാൾ പ്രായമുള്ള ഒരു സ്ത്രീയുമായി ഇണചേരുമ്പോൾ നമ്മുടെ നാരികൾ കേവലം കാഴ്ചക്കാരാകുന്നില്ല. ഇപ്പോഴത്തെ 'റൺറേറ്റ്' പ്രകാരം പടിഞ്ഞാറിനെ മുൻകടക്കാൻ നമുക്ക് അധികകാലം വേണ്ട. പടിഞ്ഞാറ് തകരും മുമ്പേ നമ്മൾ തകരും. പടിഞ്ഞാറ് സ്വന്തം പണം കൊണ്ടാണ് കൂത്താടുന്നത്; നമ്മൾ കടം വാങ്ങിയും. കടം കിട്ടാനില്ലെങ്കിൽ കൊള്ളയടിക്കാൻ നമ്മുടെ കുട്ടികൾക്കറിയാം; മുതിർന്നവർക്കുമറിയാം. മുതിർന്നവർ പഠിപ്പിച്ചതാണ് കുട്ടികൾ പയറ്റുന്നത്.

ഉണ്ണിയേശുവിനെ ജൂദാസാക്കുന്ന ചുറ്റുപാടാണ് നമ്മുടേത്. ജനിക്കുന്നത് മാലാഖയായി; ജീവിക്കുന്നതും ചാകുന്നതും ചെകുത്താനായി. മാലാഖയുടെ മുഖമുള്ളവർക്കുപോലും ചെകുത്താന്റെ ബുദ്ധിയാണുള്ളത്. നിഷ്കളങ്കതയും ദീനാനുകമ്പയും ചതിയുടെ ചൂണ്ടയിൽ കോർത്ത് മീൻപിടിക്കുന്ന മുഠാളന്മാർ വാഴുന്ന കാലമാണിത്. ആരെയാണ് വിശ്വസിക്കേണ്ടത്? മാതാവ്, പിതാവ്, സഹോദരൻ, സഹോദരി, അയൽക്കാരൻ, ഗുരുനാഥൻ, സഹപാഠി – കളങ്കമേൽക്കാത്തവരായി ആരുണ്ടിവിടെ? ഇക്കാലത്ത് പെൺകുട്ടിയായി ജനിക്കേണ്ടിവരുന്ന ഒരു ആത്മാവിന്റെ ഗതിയെന്താണ്? ഏത് പ്രവാചകനാണ്, വേട്ടമൃഗങ്ങളിൽനിന്ന് അവളെ രക്ഷിക്കാൻ ഇവിടെ ബാക്കിയുള്ളത്? പ്രവാചക വചനങ്ങളുണ്ട്, തല്ലിച്ചതച്ചും അവ കാണാതെ പഠിപ്പിക്കുന്ന പരസഹസ്രം പള്ളിക്കൂടങ്ങളുമുണ്ട്. ഈണത്തിലുള്ള ബാങ്കുകളും ഭക്തിസാന്ദ്രമായ പ്രഭാഷണങ്ങളും കണ്ണീരിൽ കുതിർന്ന പ്രാർഥനകളുമുണ്ട്. ഇതുകൊണ്ടൊക്കെ ആർക്ക് എന്ത് പ്രയോജനം?

മദ്റസകളിൽനിന്ന് എന്താണ് നമ്മുടെ കുട്ടികൾ പഠിക്കുന്നത്? ഉസ്താദുമാർ എന്താണ് അവരെ പഠിപ്പിക്കുന്നത്? ഈ ചെകുത്താന്റെ രൂപവും ഭാവവും കുട്ടികൾക്ക് എവിടെനിന്നു കിട്ടി? ഉസ്താദുമാരേ, വിനയപൂർവം പറയട്ടെ, ഇത് നിങ്ങളുടെ പരാജയമാണ്. നിങ്ങളുടെ ശിഷ്യൻ മദ്യപാനിയായിരിക്കുന്നു; വ്യഭിചാരിയായിരിക്കുന്നു; ചൂതാട്ടക്കാരനായിരിക്കുന്നു; ചതിയനും ചൂഷകനുമായിരിക്കുന്നു. ഈ ചെകുത്താൻ നിങ്ങളുടെ സൃഷ്ടിയാണ്. അവൻ ചെയ്യുന്ന പാപത്തിൽ നിങ്ങൾക്കൊരു ഓഹരിയുണ്ട്. പുണ്യം ചെയ്ത് പേരെടുക്കുന്ന അരുമശിഷ്യന്മാരുടെ ഗുരുത്വം അഭിമാനപൂർവം അവകാശപ്പെടാറില്ലേ നിങ്ങൾ? എന്തുകൊണ്ട്, മുടിയന്മാരായ ഈ അസുരവിത്തുകളെക്കുറിച്ച് നിങ്ങൾ മൗനികളാകുന്നു? എന്തുകൊണ്ട് അവരുടെ ദുർനടപ്പ് നിങ്ങളുടെ ഉറക്കം കെടുത്തുന്നില്ല? മറക്കണ്ട, നിങ്ങളുടെ കുട്ടികളാണവർ. വാപ്പയും ഉമ്മയും കഴിഞ്ഞാൽ അവരെക്കുറിച്ച് പറയേണ്ടത് നിങ്ങളാണ്.

വെള്ളിയാഴ്ചകളിൽ പള്ളി മിമ്പറുകളിൽനിന്ന് വിശ്വാസികൾ എന്താണ് കേൾക്കുന്നത്? ഖുർആൻ, ഹദീസ്, ചരിത്രം, സാരോപദേശങ്ങൾ – ഒന്നിനും കുറവില്ല. എന്നിട്ടും രണ്ട് വെള്ളിയാഴ്ചകൾക്കിടയിലെ ജീവിതം എന്തുകൊണ്ട് ഇവ്വിധം ദുരിതപൂർണമായി? ഖത്വീബുമാരേ, ഇമാമുമാരേ, ആദരപൂർവം ചോദിക്കട്ടെ, നിങ്ങളുടെ ശബ്ദം എന്തുകൊണ്ട് വനരോദനമായിപ്പോകുന്നു? കർണപുടങ്ങളെ അത് എന്തുകൊണ്ട് പ്രകമ്പനം കൊള്ളിക്കുന്നില്ല; ഹൃദയങ്ങളെ എന്തുകൊണ്ട് പിടിച്ചു കുലുക്കുന്നില്ല? നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ കൽപിക്കുന്നുവോ? നിങ്ങൾ കൽപിക്കുന്നത് നിങ്ങൾ പ്രവർത്തിക്കാതിരിക്കുന്നുവോ? മലിനപ്പെട്ട സ്വന്തം ഹൃദയങ്ങളെ വൃത്തിയുള്ള വസ്ത്രങ്ങൾകൊണ്ട് നിങ്ങൾ പൊതിഞ്ഞു സൂക്ഷിക്കുന്നുവോ? എങ്കിൽ നിങ്ങൾ ജോലി നിർത്തുന്നതാണ് നല്ലത്. വചനപ്രഘോഷം ഒരു ജോലിയല്ല; വ്യായാമമോ വിനോദമോ അല്ല. ആത്മാർഥതയില്ലാതെ നിങ്ങൾ ഉച്ചരിക്കുന്ന വാക്കുകൾക്ക് ആത്മാവില്ല. ആത്മാവില്ലാതെ ആത്മീയതയുണ്ടാവില്ല. മാറേണ്ടത്

ശ്രോതാവല്ല; നിങ്ങളാണ്. നിങ്ങൾ മാറിയാൽ ശ്രോതാവിന് മാറാതെ തരമില്ല. ശൈഖ് അബ്ദുൽഖാദിർ ജീലാനി അതാണ് പഠിപ്പിച്ചത്. അമിതമായി മധുരം കഴിക്കുന്ന കുട്ടിയെ ഉപദേശിക്കണമെന്ന അപേക്ഷയുമായി തന്നെ സമീപിച്ച മാതാവിനോട് ഒരാഴ്ച കഴിഞ്ഞുവരാൻ ആവശ്യപ്പെട്ട ശൈഖ്, സ്വയം ചികിത്സിക്കാനുള്ള സമയം ചോദിക്കുകയായിരുന്നു. കുട്ടിയെപ്പോലെ മധുരപ്രിയനായ താനെങ്ങനെ മധുരം കഴിക്കരുതെന്ന് അവനെ ഉപദേശിക്കും? ആദ്യം ശൈഖ് മധുരം നിർത്തി; തുടർന്ന് കുട്ടിയും. ഇതാണ് ആത്മാർഥത; ആത്മീയ വിശുദ്ധി. ഇവിടെ അല്ലാഹു തുണയായുണ്ടാകും. നമ്മുടെ കൂടെ നമ്മൾ മാത്രമേയുള്ളൂ. നമ്മുടെ പാതിരാ പ്രസംഗം കേൾക്കുന്നവർ ആദ്യം പൊട്ടിക്കരയും; പിന്നെ വിഡ്ഢിത്തമോർത്ത് പൊട്ടിച്ചിരിക്കും. നമ്മുടെ ചെയ്തികൾ അവർ കാണുന്നുണ്ട് എന്നതാണ് കാരണം. ഇന്നലെ സ്ത്രീധനത്തിനെതിരെ ആക്രോശിച്ചു; ഇന്ന് സ്ത്രീധനം വാങ്ങുന്നതിന് കാർമികത്വം വഹിച്ചു. ഇന്നലെ പലിശയെ ശപിച്ചു; ഇന്ന് പലിശക്കാരനെ ആശ്ലേഷിച്ചു. ഇന്നലെ സ്ത്രീപീഡനത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ചു; ഇന്ന് സ്ഥലത്തെ പ്രധാന ദിവ്യന്റെ നാലാം കെട്ടിന് നികാഹ് ചൊല്ലിക്കൊടുത്തു.

മിമ്പറിൽ നിൽക്കുമ്പോൾ എന്ത് ശൗര്യമാണ് നമ്മുടെ പണ്ഡിതന്മാർക്ക്! മിമ്പറിൽനിന്നിറങ്ങിയാൽ ഈ ശൗര്യമെല്ലാം എവിടെപ്പോകുന്നു? പണ്ഡിതന്മാർക്ക് ശൗര്യമില്ലെങ്കിൽ, ശൗര്യം കാണിക്കാൻ അവർക്ക് അർഹതയും യോഗ്യതയുമില്ലെങ്കിൽ സമൂഹം നന്നാകില്ല. പോലീസിനെ പേടിക്കാത്ത ജനം പണ്ഡിതന്മാരെ പേടിക്കും; ഭരണാധികാരികളെ അനുസരിക്കാത്ത ജനം അവരെ അനുസരിക്കും; അവർ അതിന് യോഗ്യരും അർഹരുമായിത്തീരണമെന്നു മാത്രം. അതുകൊണ്ട് ഇനി മുതൽ നമുക്കു ഡോക്ടറെ ചികിത്സിക്കാം. ഡോക്ടർ രോഗമുക്തനായാൽ രോഗികളും രോഗമുക്തരാകും.

പണ്ഡിതന്മാരേ, ആരെയാണ് നിങ്ങൾ പേടിക്കുന്നത്? എന്താണ് നിങ്ങളെ ഉത്തരവാദിത്വ നിർവഹണത്തിൽനിന്ന് തടയുന്നത്? നിങ്ങൾ പേടിക്കുന്നവരൊക്കെ മുമ്പും ഉണ്ടായിരുന്നു; ഇന്നത്തെക്കാൾ ശക്തരും വമ്പരുമായി. പൂർവസൂരികൾ അവരെ പേടിച്ചില്ല; പകരം പേടിപ്പിച്ചു. അവർ അവരാൽ നയിക്കപ്പെട്ടില്ല; പകരം നായകരായി. നിങ്ങളുടെ കൈയിൽ ഒരു രാഷ്ട്രമില്ലെന്നത് ശരി; പോലീസും പട്ടാളവുമില്ലെന്നതും ശരി. പക്ഷേ, നിങ്ങളുടെ കൈയിൽ ഒരു കൊച്ചുഗ്രാമമുണ്ട്. ഇതിന് മഹല്ലെന്ന് പറയും. അവിടെ നിങ്ങൾ ആജ്ഞാപിച്ചാൽ അനുസരിക്കാൻ തയാറുള്ള ഒരു ജനതയുണ്ട്. ഇസ്‌ലാമിന്റെ പേരിൽ നിങ്ങളുടെ മഹല്ലിൽ എന്ത് നടക്കണം, നടക്കരുത് എന്ന് തീരുമാനിക്കേണ്ടത് നിങ്ങളാണ്. അവിടെ നടക്കുന്ന മദ്യപാനത്തിനും പെൺവാണിഭത്തിനും ചൂതാട്ടത്തിനും പലിശയിടപാടിനും പിടിച്ചുപറിക്കും മറുപടിപറയേണ്ടത് നിങ്ങളാണ്. അവിടെ ഒരാൾ പട്ടിണികിടന്ന് മരിച്ചാൽ, മരുന്ന് കിട്ടാതെ മരിച്ചാൽ, ഉത്തരവാദി നിങ്ങളാണ്. അവിടെ വർഗീയകലാപമുണ്ടായാൽ ഒന്നാംപ്രതി നിങ്ങളാണ്. ഇരിക്കുന്ന സ്ഥാനത്തിന്റെ മഹത്ത്വമറിയാതെ ആ സ്ഥാനത്ത് ഇരുന്നുപോയവരാണ് നിങ്ങൾ. ഇരിക്കുന്ന കസേരയോട് ഇനിയെങ്കിലും നിങ്ങൾ നീതി ചെയ്യണം. നിങ്ങൾ അതിന് സന്നദ്ധരായാൽ ജനം നിങ്ങളുടെ കൂടെയുണ്ടാകും. അല്ലാഹു എന്തായാലുമുണ്ടാകും. അല്ലാഹു പോരേ നിങ്ങൾക്ക് തുണയായി?

**മാതാപിതാക്കളുടെ ജോലി പേറ്റ് യന്ത്രങ്ങളാവുക മാത്രമല്ല; പോറ്റു യന്ത്രങ്ങളും അവർ തന്നെയാണ്. എങ്ങനെയാണ് നിങ്ങൾ മക്കളെ പോറ്റിയത്? മനുഷ്യനെയാണോ പിശാചിനെയാണോ നിങ്ങൾ വളർത്തിയത്? മക്കൾ ചെയ്യുന്ന പാപത്തിൽനിന്ന് മാതാപിതാക്കൾക്ക് കൈകഴുകാനാവില്ല. മക്കൾക്ക് സ്വാദിഷ്ടമായ ഭക്ഷണവും വർണശബളമായ വസ്ത്രങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസവും മൊബൈൽ ഫോണും ബൈക്കും ഇഷ്ടം പോലെ പണവും നൽകുന്നതിനിടയിൽ അവശ്യം നൽകേണ്ടതെന്തോ അത് നൽകാൻ മറന്നു നിങ്ങൾ. സദാചാരം, സംസ്കാരം, തിരിച്ചറിവ് – ഇതെല്ലാം നിങ്ങൾ പകർന്നു നൽകേണ്ടതായിരുന്നു മുലപ്പാലിനോടൊപ്പം.**

കരളലിയിപ്പിക്കുന്ന എന്തെല്ലാം കാഴ്ചകളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്? രാഷ്ട്രീയ നേതാക്കളേ, മതപണ്ഡിതന്മാരേ, സാംസ്കാരിക നായകരേ, ബുദ്ധിജീവികളേ, ഇവനെ അറിയുമോ നിങ്ങൾ? പതിനെട്ടു വയസ്സുകാരൻ; സുമുഖൻ; പ്ലസ് ടു ഓപ്പൺ സ്കൂൾ വിദ്യാർഥി. ജോലി, പകൽ കുഴൽപ്പണ വിതരണം; രാത്രി, പറയാൻ കൊള്ളില്ല. സ്വന്തമായി ബൈക്കുണ്ട്; കാമറയുള്ള മൊബൈൽ ഫോണും. പിതാവ് സ്വന്തമായില്ല; മാതാവ് ഉണ്ട്. അവൻ ഒരു ദിവസം പറഞ്ഞു: ‘എനിക്കും പരീക്ഷ ജയിക്കണം. എന്തിനെന്നോ? ഈ കറുത്ത ജീവിതത്തിൽനിന്നൊരു മോചനം കിട്ടാൻ. ഒരു കുഞ്ഞുപെങ്ങളുണ്ട്. അവൾക്ക് ഉമ്മയുടെ ഗതി വരരുത്.’ ഒരു മാസം കഴിഞ്ഞില്ല, പത്രത്തിൽ വാർത്ത കണ്ടു, ഫോട്ടോ സഹിതം. അവന്റെ ജീവിതം അവസാനിച്ചിരിക്കുന്നു. യജമാനനുവേണ്ടി തല്ലാനും കൊല്ലാനും പോയി അവൻ സ്വയം ഇല്ലാതായിരിക്കുന്നു. മാലാഖയുടെ മുഖമുണ്ടായിരുന്ന അവന് ജീവിതചക്രം പൂർത്തിയാക്കാൻ സാധിച്ചില്ല; കുഞ്ഞുപെങ്ങളെ അന്തസ്സാർന്ന ജീവിതത്തിലേക്കു കൈപിടിച്ചു നടത്താനായില്ല. ആരാണിതിനുത്തരവാദി? നിങ്ങൾ – നേതാക്കളും ബുദ്ധിജീവികളും; സംഘടനകളും സാരഥികളും. അവൻ നിങ്ങളുടെ പാഠശാലകളിൽ പഠിച്ചിരുന്നു; ഘോഷയാത്രകളിൽ പങ്കെടുത്തിരുന്നു; മുദ്രാവാക്യങ്ങൾ ഉച്ചത്തിൽ ഏറ്റുവിളിച്ചിരുന്നു; സമ്മേളനങ്ങളിൽ സന്നിഹിതനായിരുന്നു; ഇതൊന്നും രക്ഷപ്പെടാൻ അവന് നിമിത്തമായില്ല. അവൻ രക്ഷപ്പെടാതെ, നിങ്ങൾ മാത്രമായി രക്ഷപ്പെടുമോ? ദൈവം പൊട്ടനാണെന്നാണോ നിങ്ങളുടെ വിചാരം?

ഇത് പതിനേഴുകാരിയുടെ ചേതനയറ്റ ശരീരം. തേയിലത്തോട്ടത്തിൽ അവളുടെ ജഡം ഒളിപ്പിച്ചുവെച്ചത് സ്വന്തം പിതാവ്. കൊല്ലുന്നതിനു മുമ്പ് അയാൾ അതും ചെയ്തു; വിശ്വസിക്കാനാവില്ല. പോസ്റ്റുമോർട്ടം റിപ്പോർട്ട് പക്ഷേ, അങ്ങനെയാണ്. ഈ ചെകുത്താൻ എങ്ങനെ പിതാവായി? സ്വന്തം മകളെ പണത്തിനുവേണ്ടി കാഴ്ചവെക്കുന്ന യക്ഷികൾ മാതാക്കളാകുന്ന കാലത്ത് പിതാക്കൾ പിശാചുക്കളാകാതിരിക്കുമോ? രാഷ്ട്രീയ തമ്പുരാക്കന്മാരേ നിങ്ങൾക്ക് ഈ കൊലപാതക

ത്തിൽ പങ്കുണ്ട്. കൊന്നതും കൊല്ലപ്പെട്ടതും നിങ്ങളുടെ കുഞ്ഞാടുകളായിരുന്നു; വോട്ടർമാരായിരുന്നു. നിങ്ങൾക്ക് അവരുടെ വോട്ട് മതി, വോട്ട് മാത്രം. സ്വന്തം ജീവിതത്തെക്കുറിച്ചല്ലാതെ, അവരുടെ ജീവിതത്തെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടില്ല, ഒരിക്കൽപോലും; വെറുതെ ഒരു നേരമ്പോക്കിനു പോലും.

ചീറിപ്പായുന്ന ബൈക്കുകളും അതിൽ ചെത്തുന്ന ചെറുപ്പക്കാരെയും നിങ്ങൾ കാണാറില്ലേ? മദ്യം, മയക്കുമരുന്ന്, കള്ളപ്പണം – ഇതൊക്കെയാണ് ഈ ചീറിപ്പായുന്നത്. കാലത്തിനൊത്ത് കോലം കെട്ടാൻ ചെറുപ്പക്കാർക്കു പണം വേണം. ഒന്നുകിൽ അത് വീട്ടിൽനിന്ന് കിട്ടണം; അല്ലെങ്കിൽ അവർ കട്ടെടുക്കും. ഭവനഭേദനം, വാഹനമോഷണം, ഹൈവേ കൊള്ള, ബാങ്ക് കവർച്ച – എല്ലാം വിജയകരമായി നടത്താൻ സിനിമാ സംവിധായകർ അവരെ പഠിപ്പിച്ചിട്ടുണ്ട്. ദൂരെനിന്ന് നോക്കിയാൽ നല്ല മാന്യന്മാർ; അടുത്ത് പെരുമാറിയാൽ സാക്ഷാൽ ചെകുത്താന്മാർ. രാഷ്ട്രീയ പാർട്ടികളുടെ യോദ്ധാക്കളാണ് ഈ കുട്ടിച്ചാത്തന്മാർ. നാളത്തെ നേതാക്കൾ; മന്ത്രിമാർ; ഒരു പക്ഷേ, പ്രധാനമന്ത്രിമാർ. രാഷ്ട്രീയ പാർട്ടികൾ കൈയൊഴിച്ചാൽ ഈ കള്ളന്മാരെയും കൊലയാളികളെയും സംരക്ഷിക്കാൻ വേറെ ആരാണുള്ളത്? രാഷ്ട്രീയ നേതാക്കളല്ലാതെ മറ്റാരാണ് ഇവരുടെ ഗോഡ്ഫാദർമാർ?

ഇക്കാണുന്ന പേക്കൂത്തുകളെല്ലാം ചെയ്തുകൂട്ടുന്ന വേതാളങ്ങളൊന്നും സ്വയംഭൂവല്ല. അവരെയും മാതാക്കൾ പ്രസവിച്ചതാണ്; പിതാക്കളും അവർക്കുണ്ട്. മാതാപിതാക്കളുടെ ജോലി പേറ്റുയന്ത്രങ്ങളാവുക മാത്രമല്ല; പോറ്റു യന്ത്രങ്ങളും അവർ തന്നെയാണ്. എങ്ങനെയാണ് നിങ്ങൾ മക്കളെ പോറ്റിയത്? മനുഷ്യനെയാണോ പിശാചിനെയാണോ നിങ്ങൾ വളർത്തിയത്? മക്കൾ ചെയ്യുന്ന പാപത്തിൽനിന്ന് മാതാപിതാക്കൾക്ക് കൈകഴുകാനാവില്ല. മക്കൾക്ക് സ്വാദിഷ്ടമായ ഭക്ഷണവും വർണശബളമായ വസ്ത്രങ്ങളും ഇംഗ്ലീഷ് വിദ്യാഭ്യാസവും മൊബൈൽ ഫോണും ബൈക്കും ഇഷ്ടം പോലെ പണവും നൽകുന്നതിനിടയിൽ അവശ്യം നൽകേണ്ടതെന്തോ അത് നൽകാൻ മറന്നു നിങ്ങൾ. സദാചാരം, സംസ്കാരം, തിരിച്ചറിവ് – ഇതെല്ലാം നിങ്ങൾ പകർന്നു നൽകേണ്ടതായിരുന്നു മുലപ്പാലിനോടൊപ്പം. മാതാവാണ് ഏറ്റവും വലിയ വിദ്യാലയം; പിതാവാണ് ഏറ്റവും നല്ല അധ്യാപകൻ. ഈ സത്യങ്ങളെല്ലാം നിങ്ങൾ മറന്നുപോയി. മക്കൾ എങ്ങോട്ടു പോകുന്നു, എവിടെനിന്ന് വരുന്നു എന്നൊന്നും നിങ്ങൾ അന്വേഷിച്ചില്ല. അവർക്ക് എന്തിനാണ് പണം? എവിടെനിന്നാണ് പണം കിട്ടുന്നത്? – ഈ ചിന്തകളൊന്നും നിങ്ങളെ അലട്ടിയില്ല. അവരുടെ കൂട്ടുകാരെക്കുറിച്ചോ യജമാനന്മാരെക്കുറിച്ചോ നിങ്ങൾ ആലോചിച്ചില്ല. അഥവാ ആലോചിച്ചപ്പോഴേക്കും അവർ തങ്ങൾക്കു പോന്നവർ ആയിക്കഴിഞ്ഞിരുന്നു. ഇനി വിലപിച്ചിട്ട് കാര്യമില്ല. നിങ്ങളുടെ മേൽവിലാസത്തിൽ അവർ ചെളിവാരിയെറിയും. തറവാടും പാരമ്പര്യവും അവർ നിലംപരിശാക്കും. രാവും പകലും അവർ നിങ്ങൾക്ക് അപമാനം വരുത്തിവെക്കും.

മക്കളെ പോറ്റുക എന്നത് എളുപ്പമുള്ള ജോലിയല്ല. വേലക്കാരെ ഏൽപിച്ചാൽ അത് നടക്കില്ല. ഹോസ്റ്റലുകളിലെ വാർഡന്മാർക്കു ചെയ്യാൻ പറ്റുന്ന പണിയുമല്ല അത്. മാതാവും പിതാവുമാണ് മക്കളെ വളർത്തേണ്ടത്; അവരെ കളിപ്പിക്കേണ്ടത്; കുളിപ്പിക്കേണ്ടത്; അവർക്കു ചോറു വാരിക്കൊടുക്കേണ്ടത്; സംസ്കാരത്തിന്റെയും നാഗരികതയുടെയും ആദ്യാക്ഷരങ്ങൾ അവരെ അഭ്യസിപ്പിക്കേണ്ടത്. അവരെ സ്നേഹിക്കേണ്ടതും ശാസിക്കേണ്ടതും വേറെ ആരുമല്ല. സമ്പാദിക്കുന്നതിനും സുഖിക്കുന്നതിനുമിടയിൽ അധിക മാതാപിതാക്കൾക്കും ഇതിനൊന്നും നേരം കിട്ടിയില്ല. മക്കൾ വളർന്നു, അവർക്ക് തോന്നിയപോലെ. അവർ കുടുംബത്തിനു മാത്രമല്ല, സമൂഹത്തിനും ശാപമായിത്തീർന്നു. ചെകുത്താൻ കണക്കെ കുടിച്ചും വലിച്ചും പിടിച്ചുപറിച്ചും ജീവിതം ആടിത്തിമർക്കുന്നു അവർ. ഗൾഫ് നമുക്കു രണ്ടു കാര്യങ്ങൾ നേടിത്തന്നു; നാഥനില്ലാത്ത വലിയ വീടുകളും തലതിരിഞ്ഞ കുറെ മക്കളും. മരുഭൂമിയിൽ ചോര നീരാക്കി രക്ഷിതാക്കളയക്കുന്ന പണം കൊണ്ട് മക്കളും ചോര നീരാക്കുകയാണ്; മദ്യപിച്ചും മരുന്നടിച്ചും!

കൂടുതൽ പറഞ്ഞാൽ തലക്കു തീപിടിക്കും. വാസ്തവത്തിൽ നമ്മുടെ തലക്കു തീപ്പിടിക്കണം. നാടാകെ തിന്മയുടെ കാട്ടുതീ ആളിപ്പടരുമ്പോൾ ഒട്ടകപ്പക്ഷിയെപ്പോലെ തല മണ്ണിൽ പൂഴ്ത്തി ഉറങ്ങുകയാണ് നമ്മൾ. ഇനിയെങ്കിലും ഉണർന്നില്ലെങ്കിൽ ഇത് അവസാനത്തെ ഉറക്കമായിരിക്കും.

ഭൗതിക നാഗരികതയുടെ കാട്ടുതീ വലിയ വലിയ നഗരങ്ങൾ നക്കിത്തുടച്ച് കൊച്ചിയും കോഴിക്കോടും കടന്ന് എല്ലാ മുക്കിലും മൂലയിലുമെത്തിയിരിക്കുന്നു. പണ്ടത്തെപ്പോലെ, വെള്ളപ്പട്ടാളത്തിന്റെ കുളമ്പടി നാദമല്ല കേൾക്കുന്നത്. പടിഞ്ഞാറൻ സംസ്കാരത്തിന്റെ ചിലമ്പൊലിയാണ്. പടിഞ്ഞാറിനെ അത് ശവപ്പറമ്പാക്കി. അവിടെ ഇപ്പോൾ അഛനില്ല, അമ്മയില്ല, മക്കളില്ല, കൂട്ടുകാരില്ല; കാട്ടുമൃഗങ്ങൾ മാത്രം. കാന്റർബറി ആർച്ച് ബിഷപ്പിന് വി.എസ് നെയ്പോളിനെപോലുള്ളവർ – നാൽപത് വർഷം സ്വന്തം ഭാര്യയെ നോക്കുകുത്തിയാക്കി വെപ്പാട്ടിയുമായി ഊരുചുറ്റുകയും ഒടുവിൽ കിടപ്പറ രഹസ്യങ്ങളടങ്ങിയ ഡയറിക്കുറിപ്പുകൾ വിറ്റ് കാശാക്കുകയും ചെയ്തു അദ്ദേഹം – മലീമസമാക്കിയ ലണ്ടൻ നഗരം വൃത്തിയാക്കാൻ ശരീഅത്ത് നിയമങ്ങൾ കടം കിട്ടിയാൽ കൊള്ളാമെന്നുണ്ട്. പാശ്ചാത്യ വനിതകൾ വിമോചനത്തിന്റെ പർദ ആവേശത്തോടെ അണിഞ്ഞു തുടങ്ങിയിരിക്കുന്നു. ഈ ശരീഅത്തും പർദയുമൊക്കെ നമ്മോടൊപ്പമുണ്ട് നൂറ്റാണ്ടുകളായി. ഭൂതത്തെപ്പോലെ ഈ അമൂല്യനിധിക്ക് കാവൽ കിടക്കാതെ, കുടം പൊട്ടിച്ച് നിധിയെടുത്ത് ജീവിക്കാൻ നോക്ക് നേരം കളയാതെ. ■

*('സാമൂഹിക തിന്മകൾക്കെതിരെ പ്രതിരോധം' എന്ന വിഷയത്തെക്കുറിച്ച് തിരൂർ ടൗൺഹാളിൽ നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം)*

**മക്കൾ വളർന്നു, അവർക്ക് തോന്നിയപോലെ. അവർ കുടുംബത്തിനു മാത്രമല്ല, സമൂഹത്തിനും ശാപമായിത്തീർന്നു. ചെകുത്താൻ കണക്കെ കുടിച്ചും വലിച്ചും പിടിച്ചുപറിച്ചും ജീവിതം ആടിത്തിമർക്കുന്നു അവർ. ഗൾഫ് നമുക്കു രണ്ടു കാര്യങ്ങൾ നേടിത്തന്നു; നാഥനില്ലാത്ത വലിയ വീടുകളും തലതിരിഞ്ഞ കുറെ മക്കളും. മരുഭൂമിയിൽ ചോര നീരാക്കി രക്ഷിതാക്കളയക്കുന്ന പണം കൊണ്ട് മക്കളും ചോര നീരാക്കുകയാണ്; മദ്യപിച്ചും മരുന്നടിച്ചും!**